**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുമ്പള വാഗ്ദേവി എ.എൽ. പി സ്കൂൾ, നൽക-യിലെ അറബിക് ടീച്ചർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ കുമ്പള വാഗ്ദേവി എ. എൽ. പി. സ്കൂൾ, നൽക - യിലെ ഈ വർഷത്തെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | അറബിക് പഠനത്തിന് മതിയായ കുട്ടികൾ ഉണ്ടായിട്ടും രക്ഷിതാക്കൾ സമ്മതപത്രം നൽകിയിട്ടും പ്രധാനധ്യാപിക ആറാം പ്രവൃത്തി ദിനത്തിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ ചേർക്കാത്തതാണെന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ടി പ്രധാനധ്യാപികയ്ക്കെതിരെ അന്വേഷണം നടത്തി നടപടി എടുക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ; | (ബി) | കുമ്പള വാഗ്ദേവി എ എൽ പി സ്കൂളില അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെടുന്നത് സംബന്ധിച്ച് ശ്രീമതി. മഷ്ഹൂദാ യുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് വാങ്ങുകയും, ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തസ്തിക നിർണ്ണയ അപ്പീൽ അധികാരിയായ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | ജോലി നഷ്ടപ്പെട്ട അധ്യാപിക മുഖ്യമന്ത്രിക്കും പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും മഞ്ചേശ്വരം എം.എൽ. എ. മുഖേന സമർപ്പിച്ച നിവേദനത്തിൽ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കുമ്പള വാഗ്ദേവി എ എൽ പി സ്കൂളില അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെടുന്നത് സംബന്ധിച്ച് ശ്രീമതി. മഷ്ഹൂദാ യുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് വാങ്ങുകയും, ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തസ്തിക നിർണ്ണയ അപ്പീൽ അധികാരിയായ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളിൽ അറബിക്ക് പഠനത്തിന് മതിയായ കുട്ടികൾ ഉണ്ടെന്നിരിക്കെ നഷ്ടപ്പെട്ട അധ്യാപക തസ്തിക പുന:സ്ഥാപിക്കാനും ജോലി നഷ്ടപ്പെട്ട അറബിക് ടീച്ചറെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടു ലഭിച്ച ശേഷം ആയതു പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ